"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - മലപ്പുറം ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ പേരിലുള്ള 075010200000632 TP അക്കൗണ്ടിൽ നിന്നും 27.03.2021-ന് സർക്കാർ പിൻവലിച്ചിട്ടുള്ള 15,09,878/- രൂപ 2515-00-102-29 (P) എന്ന ശീർഷകത്തിൽ നിന്നും തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2437/2022/LSGD തീയതി,തിരുവനന്തപുരം, 09-10-2022

---

പരാമർശം:-

1. 27.03.2021 തീയതിയിലെ സ.ഉ(പി) നം.57/2021/ധന നം. ഉത്തരവ്.
2. 03.04.2021 തീയതിയിലെ സ.ഉ(പി) നം.58/2021/ധന നം. ഉത്തരവ്.
3. 03/04/2021 ലെ 33/2021/ധന നമ്പർ സർക്കുലർ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 08.07.2021, 22.10.2021, 26.02.2022, 16.04.2022, 07.05.2022 എന്നീ തീയതികളിലെ 10997/എ/2018/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ പേരിലുള്ള 075010200000632 എന്ന അക്കൗണ്ടിൽ നിന്നും 27.03.2021ന് സർക്കാർ പിൻവലിച്ചിട്ടുള്ള 15,09,878/- രൂപ കുടുംബശ്രീയുടെ വിവിധ സംരംഭ യൂണിറ്റുകൾക്ക് ക്രൈസ്സിസ് മാനേജ്മെൻറ് ഫണ്ടിലുൾപെടുത്തി നൽകിയ തുക തിരിച്ചടച്ചവയാണെന്നും, മേൽ തുക തിരിച്ചെടുത്തതിനാൽ പുതിയ കുടുംബശ്രീ സംരംഭ യൂണിറ്റുകൾക്ക് ക്രൈസ്സിസ് മാനേജ്മെൻറ് ഫണ്ട് അനുവദിക്കുവാൻ കഴിയുന്നില്ലെന്നും ആയതിനാൽ മേൽ തുക തിരികെ അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ട് പരാമർശ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലാ മിഷൻ കോ-ഓർഡിനേറ്ററുടെ പേരിലുള്ള മലപ്പുറം ട്രഷറിയിലെ 075010200000632 റ്റി.പി. അക്കൗണ്ടിൽ നിന്നും 27.03.2021 തീയതിയിൽ സർക്കാർ പിൻവലിച്ചിട്ടുള്ള 15,09,878/- രൂപ(പതിനഞ്ചു ലക്ഷത്തി

ഒൻപതിനായിരത്തി എണ്ണൂറ്റി എഴുപത്തെട്ട് രൂപ) 2515-00-102-29(പി) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഡ്രോയിങ് ആൻഡ് ഡിസ് ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അകൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം

ഡ്രോയിങ് ആൻഡ് ഡിസ് ബേഴ്സിംഗ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്(DEV-2/198/2021-FIN dated 12.09.2022.)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി(IA1/193/2021/LSGD)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 11-10-2022 11:13:09**

സെക്ഷൻ ഓഫീസർ